കേരളാ ലിങ്ക്
# Kerala Link
e-mail:info@keralalink.co.uk web:www.keralalink.co.uk
26 JUNE 2020 email: info@keralalink.co.uk ISSUE:298

**ഇന്നത്തെ ചിന്താവിഷയം**

ലോകത്തിൽ മാറ്റങ്ങൾ വരണമെന്ന് ഏവരും ആഗ്രഹിക്കുന്നു. എന്നാൽ സ്വയം മാറ്റത്തിനു വിധേയനവാൻ ആരും തയ്യാറല്ല താനും - ലിയോ ടോൾസ്റ്റോയ്

## ഏത് നിമിഷവും കൊവിഡ് സമൂഹവ്യാപനം ഉണ്ടായേക്കാം; മുന്നറിയിപ്പുമായി ആരോഗ്യമന്ത്രി



സംസ്ഥാനത്ത് ഏത് നിമിഷവും കൊവിഡ് സമൂഹ വ്യാപനം ഉണ്ടായേക്കാമെന്ന് ആരോഗ്യമന്ത്രി കെ കെ ശൈലജ. ഉറവിടം കണ്ടെത്താനാകാത്ത കേസുകൾ കൂടുകയാണ്. എന്നാൽ ആശങ്ക വേണ്ടെന്നാണ് സൂചനയെന്നും മന്ത്രി അറിയിച്ചു.

സംസ്ഥാനത്ത് കൊവിഡ് കേസുകൾ കൂടുമെന്ന് നേരത്തെ തന്നെ പ്രതീക്ഷിച്ചിരുന്നു. സമ്പർക്കം വഴിയുള്ള രോഗികൾ ഇപ്പോഴും 10 ശതമാനം മാത്രമാണ്. എന്നാൽ, മറ്റ് പല സംസ്ഥാനങ്ങളിലും ഇത് 70 ശതമാനത്തോളമാണ്. കേരളം പ്രവാസികളെ ഇരുകയ്യും നീട്ടി സ്വീകരിക്കുന്നു. പക്ഷെ നിബന്ധനകൾ പൂർണമായും പാലിക്കണമെന്നും ഓരോ രോഗിക്കും പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും കെ കെ ശൈലജ പറഞ്ഞു. കൊവിഡ് രോഗികളുടെ മരണം തടയാൻ പരമാവധി ശ്രമിക്കുന്നുണ്ടെന്നും ഒരു ശതമാനത്തിൽ താഴെയാണ് കേരളത്തിൽ മരണനിരക്കെന്നും മന്ത്രി കൂട്ടിച്ചേർത്തു.

അതേസമയം, സംസ്ഥാനത്ത് പരിശോധനകളുടെ എണ്ണം വരും ദിവസങ്ങളിൽ ഉയർത്തുമെന്നും മന്ത്രി അറിയിച്ചു. കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതും, ഉറവിടം കണ്ടെത്താനാകാത്ത കേസുകളും കണക്കിലെടുത്ത് ആറ് ജില്ലകളിൽ അതീവ ജാഗ്രത പുലർത്തുകയാണ്. ഭൂരിപക്ഷം കേസുകളിലും ഉറവിടം കണ്ടെത്താനായിട്ടുണ്ടെന്നും കെ കെ ശൈലജ പറഞ്ഞു.

## ഇടിമിന്നൽ: ബിഹാറിൽ 83 മരണം; യുപിയിൽ മരിച്ചത് 24 പേർ



ബിഹാറിൽ കനത്ത ഇടിമിന്നലേറ്റ് ഒറ്റ ദിവസം മരിച്ചവരുടെ എണ്ണം 83 ആയി. ഗോപാൽഗഞ്ച് ജില്ലയിൽമാത്രം 13പേർക്ക് ജീവൻ നഷ്ടപ്പെട്ടു. നവാഡയിൽ എട്ടു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിവാൻ;, ഭഗൽപ്പൂർ എന്നിവിടങ്ങളിൽ ആറുപേർ വീതവും ദാർഭംഗ, ബങ്ക എന്നിവിടങ്ങളിൽ അഞ്ചുപേർ വീതയും മരിച്ചു. മരിച്ചവരുടെ കുടുബങ്ങൾക്ക് മുഖ്യമന്ത്രി നിതീഷ് കുമാർ നാലുലക്ഷം രൂപ വീതം നഷ്ടപരിഹാരം പ്രഖ്യാപിച്ചു.

കൃഷിപ്പാടങ്ങളിൽ ജോലി ചെയ്തവരാണ് കൂടുതലും അപകടത്തിന് ഇരയായത്. കനത്ത മഴയോടൊപ്പം ശക്തമായ ഇടിമിന്നലാണ് സംസ്ഥാനത്ത് അനുഭവപ്പെടുന്നത്. മഴ സമയത്ത് ജനങ്ങൾ വീട്ടിൽതന്നെ ഇരിക്കണമെന്നും ഇടിമിന്നൽ ജാഗ്രതാ നിർദേശങ്ങൾ പാലിക്കണമെന്നും സർക്കാർ മുന്നറിയിപ്പ് നലകിയിരുന്നു. ബിഹാറിന്റെ ഒട്ടുമിക്ക പ്രദേശങ്ങളിലും കേന്ദ്ര കാലാവസ്ഥ വകുപ്പ് റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്.

യു.പി.യിലെ ദേവ്റിയയിലാണ് ഏറ്റവുമധികം മരണം. ഒമ്പതുപേർ ഇവിടെ മരിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് യു.പി. സർക്കാരും നാലുലക്ഷം രൂപവീതം പ്രഖ്യാപിച്ചു..

## ഇന്നുമുതൽ ദിവസവും എത്തുന്നത് 50 വിമാനങ്ങൾ

ജൂൺ 25 മുതൽ 30 വരെ 111 ചാർട്ടഡ് ഫ്‌ളൈറ്റുകളും 43 വന്ദേഭാരത് ഫ്‌ളൈറ്റുകളുമാണ് വിദേശ മന്ത്രാലയം ചാർട്ട് ചെയ്തിട്ടുള്ളതെന്ന മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. കഴിഞ്ഞ ദിവസം 72 വിമാനങ്ങളാണ് വിദേശങ്ങളിൽനിന്ന് എത്തിയത്. ഇന്നുമുതൽ ദിവസം 40-50 വിമാനങ്ങളാണ് പ്രതീക്ഷിക്കുന്നത്. കൊച്ചിയിലും കോഴിക്കോട്ടുമാണ് കൂടുതൽ വിമാനങ്ങൾ എത്തുക. എല്ലാ വിമാനത്താവളത്തിലും വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കോവിഡ് പരിശോധനയ്ക്കുള്ള ആന്റിബോഡി കിറ്റ് എല്ലായിടത്തേക്കും എത്തിച്ചു. പ്രത്യേക ബൂത്തുകൾ തയ്യാറാക്കിയിട്ടുണ്ട്.

സാധ്യമായ എല്ലാ സൗകര്യങ്ങളും നൽകുക എന്നതാണ് സർക്കാർ സമീപനം. സർക്കാർ ചെലവിൽ ടെസ്റ്റിങ്, ക്വാറന്റൈൻ, ചികിത്സ എന്നിവയ്ക്കായി ആംബുലൻസുകളിൽ ആശുപത്രികളിൽ എത്തിച്ച ആളുകളുടെ എണ്ണം ഏപ്രിൽ 7,561, മെയ് 24,695, ജൂൺ 30,599 എന്നിങ്ങനെയാണ്.

വിദേശങ്ങളിൽ നിന്ന് എത്തുന്നവർ വിമാനത്താവളങ്ങളിൽ നിന്ന് നേരെ വീടുകളിലേക്കാണ് പോകേണ്ടത്. വഴിയിൽ ബന്ധുവീടുകൾ ഉൾപ്പെടെ മറ്റു സ്ഥലങ്ങൾ സന്ദർശിക്കുന്നത് അനുവദിക്കില്ല. വിമാനത്താവളങ്ങളിൽ പ്രവാസികൾ വരുമ്പോൾ സന്നദ്ധ സംഘടനകളുടെയും മറ്റും പേരിൽ സ്വീകരിക്കാൻ ആരെയും അനുവദിക്കില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

## അച്ഛനും മകനും കസ്റ്റഡിയിൽ മരിച്ച സംഭവം ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവ്



തമിഴ്‌നാട്ടിലെ തൂത്തുക്കുടിയിൽ ലോക്ഡൗൺ ലംഘിച്ചതിന് പൊലീസ് കസ്റ്റഡിയിലെടുത്ത അച്ഛനും മകനും മരിച്ച സംഭവത്തിൽ ഹൈക്കോടതി ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടു. മൊബൈൽ കട തുറന്നതിനെ തുടർന്നാണ് ശന്തകുളം പൊലീസ് ജയരാജിനെ (59) കസ്റ്റഡിയിലെടുത്തത്. വിവരം അന്വേഷിക്കാൻ പൊലീസ് സ്റ്റേഷനിൽ എത്തിയ ബെന്നിക്സിനെയും (31) പൊലീസ് കസ്റ്റഡിയിൽ എടുക്കുകയായിരുന്നു. ഇരുവരേയും പൊലീസ് ക്രൂരമായി മർദിച്ചുവെന്ന് ബന്ധുക്കൾ പറഞ്ഞു. ജയിലിലേക്ക് കൊണ്ട് വരുമ്പോൾ ബെന്നിക്സിന്റെ ശരീരത്തിൽ നിന്ന് രക്തം ഒഴുകുന്നുണ്ടായിരുന്നുവെന്ന് ജയിൽ അധികൃതർ പറഞ്ഞു. അസുഖബാധിതനായതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ച ബെന്നിക്സ് തിങ്കളാഴ്ചയും ജയരാജ് ചൊവ്വാഴ്ചയും മരിക്കുകയായിരുന്നു.

തൂത്തുക്കുടി എസ്പിയോട് സംഭവത്തിൽ ജൂലൈ 26ന് റിപ്പോർട്ട് സമർപ്പിക്കാൻ മദ്രാസ് ഹൈക്കോടതിയുടെ മധുരൈ ബെഞ്ച് ഉത്തരവിട്ടു. രണ്ട് എസ്ഐമാർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കാതെ ഇരുവരുടെയും മൃതദേഹം ഏറ്റുവാങ്ങില്ലെന്ന നിലപാടിലായിരുന്നു ബന്ധുക്കൾ.

## കേരളത്തിലെ മൃഗബലി നിരോധന നിയമത്തിനെതിരേ ഹർജി

1968ലെ കേരള മൃഗ-പക്ഷി ബലി നിരോധന നിയമം ഭരണഘടന വിരുദ്ധമായി പ്രഖ്യാപിക്കണം എന്നാവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഹർജി. കേരള നിയമസഭ പാസ്സാക്കിയ നിയമം ഹിന്ദുമത വിശ്വാസികൾക്കും ആരാധനാലയങ്ങൾക്കും മാത്രമാണ് ബാധകമെന്നും മറ്റ് മതങ്ങൾക്ക് ബാധകമല്ലെന്നും ചൂണ്ടിക്കാട്ടിയാണ് ഹർജി.

